## പാണ്ഡുരംഗ ഹെഗ്ഡേയും ഡോ.സുധിരേന്ദ്രശർമ്മയും അതിരപ്പിള്ളി സന്ദർശിച്ചു

'ചിപ്കോ' പ്രസ്ഥാനത്തിന്റെ കർണ്ണാടകപതിപ്പായ 'അപ്പിക്കോ'യുടെ നേതാവ് ശ്രീ.പാണ്ഡുരംഗ ഹെഗ്ഡേയും മാധ്യമപ്രവർത്തകനും ദേശീയനദിസംയോജന പദ്ധതിക്കെതിരായ മുന്നണിപ്പോരാളിയുമായ ഡോ.സുധിരേന്ദ്രശർമ്മയും നിർദ്ദിഷ്ടഅതിരപ്പിള്ളിജലവൈദ്യുതപദ്ധതി പ്രദേശം സന്ദർശിച്ചു.

പദ്ധതിബാധിതരായ ആദിവാസികളും മറ്റു തദ്ദേശീയരുമായി ഇവർ ആശയവിനിമയം നടത്തി. പദ്ധതി പ്രദേശത്തെ ഒരു മരത്തിൽ കെട്ടിപ്പിടിച്ചുനിന്ന് പാണ്ഡുരംഗ ഹെഗ്ഡേ 'ചിപ്കോ' യുടെ മാതൃക നാട്ടുകാരെ കാണിച്ചു. സർക്കാർ മരം മുറിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതിനെ ചിപ്കോ രീതിയിൽ എതിർക്കാൻ തങ്ങൾ വരാമെന്നവർ ഉറപ്പുകൊടുത്തു. പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം പ്രചരിപ്പിച്ചും വിവിധമേഖലകളിലെ പ്രശ്നങ്ങൾ പഠിച്ചും പശ്ചിമഘട്ടസംസ്ഥാനങ്ങളിൽ സഞ്ചരിക്കുന്നതിന്റെ ഭാഗമായാണ് ഇവർ കേരളത്തിലെത്തിയത്. ഉച്ചതിരിഞ്ഞ് മൂന്നിന് ചാലക്കുടി വ്യാപാരഭവനിൽ ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം പ്രവർത്തകരും ജില്ലയിലെ വിവിധ സമരനേതാക്കളും മറ്റു ജില്ലകളിൽ നിന്നുള്ള പരിസ്ഥിതി പ്രവർത്തകരുമടങ്ങുന്ന സദസ്സിനെ ഇവർ അഭിസംബോധന ചെയ്തു. കേരള നദിസംരക്ഷണസമിതി ഭാരവാഹികളായ ഗോപാലകൃഷ്ണമൂർത്തി, രാമചന്ദ്രൻ, പമ്പ പരിരക്ഷണസമിതിയിലെ കെ.എ.വർഗ്ഗീസ്, വർഗ്ഗീസ് മുരിയാട്, എം.പി. ഷാജൻ, ആന്റണി പുത്തിരിക്കൽ, സെബാസ്റ്റ്യൻ മാസ്റ്റർ, ടി.വി.സോമസുന്ദരപ്പണിക്കർ, ഷോൺ പല്ലിശ്ശേരി, ഡോ.എ.ലത, എം.മോഹൻദാസ്, അമിതാബച്ചൻ, എസ്.പി.രവി തുടങ്ങിയവർ സംബന്ധിച്ചു.